# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5370** 23.05.2017-ൽ മറുപടിക്ക്

## മ്യൂസിയം നവീകരണ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. അബ്ദുൽ ഹമീദ്.പി

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യക്തമായ ആസൂത്രണമില്ലാതെയുള്ള മ്യൂസിയം നവീകരണം സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വ്യക്തമായ ആസൂത്രണത്തോട് കൂടിയാണ് പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണങ്ങളും നവീകരണങ്ങളും നടത്തുന്നത്. ഇത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>മ്യൂസിയം മൃഗശാലാവകുപ്പിലെ മ്യൂസിയങ്ങളിൽ വിദഗ്ധരുടെ വ്യക്തമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകൾ നടത്തി മുൻകൂട്ടിയുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്താണ് മ്യൂസിയങ്ങൾ നവീകരിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള ആക്ഷേപവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മ്യൂസിയം നവീകരണത്തിനായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുരാവസ്തു വകുപ്പിന്റെ കീഴിൽവരുന്ന മ്യൂസിയങ്ങളുടെ നവീകരണത്തിനായി അനുവദിച്ച തുകയുടെ വിവരം ചുവടെ പറയുന്നു.<br><br>1.ജില്ലാ പൈതൃക മ്യൂസിയം, എറണാകുളം - 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം)<br>2.ജില്ലാ പൈതൃക മ്യൂസിയം,തൃശൂർ - 1,56,30,000/- രൂപ (ഒരു കോടി അൻപത്തിയാറു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം)<br>3. ജില്ലാ പൈതൃക മ്യൂസിയം, വയനാട് - 1,27,20,000/- രൂപ (ഒരു കോടി ഇരുപത്തിയേഴുലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)<br>4. ജില്ലാ പൈതൃക മ്യൂസിയം, പാലക്കാട് - 1,48,57,590/- രൂപ (ഒരു കോടി നാല്പത്തിയെട്ടുലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം)<br>5. ജില്ലാ പൈതൃക മ്യൂസിയം, കോന്നി - 61,61,958/- (അറുപത്തിയൊന്ന് ലക്ഷത്തി അറുപത്തിയൊന്നായിരത്തി തൊള്ളായിരത്തി അൻപത്തി എട്ട് രൂപ മാത്രം)<br>6. ജില്ലാ പൈതൃക മ്യൂസിയം, ഇടുക്കി - 81,14,440/- (എൺപത്തിയൊന്ന് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി നാൽപത് രൂപ മാത്രം) |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മ്യൂസിയം മൃഗശാലാ വകുപ്പുകൾ നവീകരിക്കുന്നതിനും, അനുബന്ധ പ്രവർത്തികൾക്കുമായി 2016-17 സാമ്പത്തിക വർഷത്തിൽ 18.35 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ മ്യൂസിയങ്ങളുടെ നവീകരണത്തിനായി 9,52,67,591/- രൂപ ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ മ്യൂസിയങ്ങളുടെ നവീകരണത്തിനായി മാത്രം 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | തലസ്ഥാനത്തെ മ്യൂസിയം നവീകരണ പ്രവർത്തനങ്ങളിൽ അപാകതയുണ്ടായിട്ടുണ്ടോയെന്നും തൻമൂലം സർക്കാരിന് ധനനഷ്ടമുണ്ടായിട്ടുണ്ടോയെന്നും പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | (സി) | തലസ്ഥാനത്തെ മ്യൂസിയം നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ അപാകതയോ, ധനനഷ്ടമോ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**